# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:2750

17.06.2019-ലെ മറുപടി

## അരുവിക്കരയിലെ കുപ്പിവെള്ള ഉല്പാദന യൂണിറ്റ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ഡി.കെ. മുരളി<br>,, എൻ. വിജയൻ പിള്ള<br>,, ഐ.ബി. സതീഷ്<br>,, വി. ജോയി | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | അരുവിക്കരയിലെ കുപ്പിവെള്ള ഉല്പാദന യൂണിറ്റിന്റെ പ്രവൃത്തികൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | അരുവിക്കരയിലെ കുപ്പിവെള്ള ഉല്പാദന യൂണിറ്റ് പ്രവർത്തനം അന്തിമഘട്ടത്തിലാണ്. 22 / 5 / 2019 -ന് ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാൻഡേർഡ് (ബി.ഐ.എസ്) ഉദ്യോഗസ്ഥർ ഫാക്ടറി പരിശോധന നടത്തുകയും കുപ്പികളുടെയും, വെള്ളത്തിന്റെയും സാമ്പിളുകൾ പരിശോധനക്കായി കൊണ്ടു പോയിട്ടുള്ളതുമാകുന്നു. ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാൻഡേർഡിന്റെ പരിശോധനാഫലം ലഭിക്കുന്ന മുറക്ക് ഭക്ഷ്യസുരക്ഷ വകുപ്പിന്റെ അനുമതികൂടി ലഭിച്ചതിനുശേഷം ഫാക്ടറിയിൽ ഉത്പാദനം ആരംഭിക്കാവുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ പുതുക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതി ലഭ്യമായിട്ടുണ്ടോ; | (ബി) | ഉണ്ട് |
| (സി) | പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | കുപ്പിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് ബി.ഐ.എസ് ന്റെ ഇൻസ്പെക്ഷൻ 22/05/2019 ന് പൂർത്തിയായി. BIS, FSSAI എന്നിവയുടെ അനുമതി ലഭ്യമാകുന്ന മുറക്ക് കുപ്പിവെള്ളം വിപണിയിലെത്തിക്കാൻ കഴിയുന്നതാണ്. |
| (ഡി) | പദ്ധതി പൂർണ്ണമായി പ്രവർത്തനക്ഷമമായി കഴിയുമ്പോൾ വിപണനം കാര്യക്ഷമമാക്കുന്നതിനായി എന്തെല്ലാം പ്രാരംഭ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിയ്ക്കാമോ? | (ഡി) | അയതിന്റെ രൂപരേഖ തയ്യാറാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ